പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2032 **26-10-2026-ൽ മറുപടിയ്ക്ക്**

സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ അധിക ഫീസ്

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. വിഷ്ണു മോഹൻ ശ്രീ. കെ. മുരളീധരൻ
(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്തെ സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ എം.ബി.ബി.എസ്. കോഴ്സിന്റെ നിശ്ചിത നാലര വർഷത്തെ (54 മാസം) അക്കാദമിക് കാലയളവിന് പുറമെ അധിക വർഷം കണക്കാക്കി വിദ്യാർത്ഥികളിൽ നിന്ന് അധിക ഫീസ് ഈടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത്തരം അധിക ഫീസ് ഈടാക്കുന്നത് തടയുന്നതിനും വിദ്യാർത്ഥികളിൽ നിന്ന് നിശ്ചിത കാലയളവിലേക്കുള്ള ഫീസ് മാത്രമേ ഈടാക്കുന്നുള്ളൂവെന്ന് ഉറപ്പാക്കുന്നതിനും നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

മറുപടി: നാഷണൽ മെഡിക്കൽ കമ്മീഷന്റെ (NMC) നിർദ്ദേശങ്ങൾക്കും മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസൃതമായി, സംസ്ഥാനത്തെ സർക്കാർ, സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ എം.ബി.ബി.എസ് കോഴ്സിന് നിലവിൽ പഠിച്ചുകൊണ്ടിരിക്കുന്ന / പ്രവേശനം തേടുന്ന വിദ്യാർത്ഥികളുടെ ഫീസ് ഘടന നിശ്ചയിക്കപ്പെട്ട നാലര വർഷത്തെ (54 മാസം) അക്കാദമിക് കാലയളവിലേക്ക് മാത്രമായി പരിമിതപ്പെടുത്തി 17.07.2026 ലെ സ.ഉ. (സാധാ.)നം.2326/2026-ആ.കു.വ. ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. കൂടാതെ, കോഴഞ്ചേരി എം.ഒ.എസ്.സി മെഡിക്കൽ മിഷൻ നൽകിയ WP(C) നമ്പർ 16663/2026 കേസിൽ 19.06.2026 തീയതിയിൽ ബഹു. ഹൈക്കോടതി പുറപ്പെടുവിച്ച ഇടക്കാല ഉത്തരവ് കണക്കിലെടുത്ത്, വിദ്യാർത്ഥികളിൽ നിന്ന് ഈടാക്കിയ അധിക ഫീസ് തിരികെ നൽകുന്നത് WP(C) നമ്പർ 16663/2026 കേസിലെ അന്തിമ വിധിയ്ക്ക് വിധേയമായിരിക്കുമെന്നും സർക്കാർ ഉത്തരവിൽ വ്യക്തമാക്കിയിരുന്നു.

കൂടാതെ, വിദ്യാർത്ഥികളിൽ നിന്ന് ഈടാക്കിയ അധിക ഫീസ് തിരികെ നൽകുന്നതിനായി നാഷണൽ മെഡിക്കൽ കമ്മീഷൻ (NMC) പുറപ്പെടുവിച്ച 06.06.2026 തീയതിയിലെ കത്ത്, WP(C) നമ്പർ 22756/2026, 21663/2026 എന്നിവയിൽ 07.07.2026 തീയതിയിൽ പുറപ്പെടുവിച്ച ഉത്തരവിൻ പ്രകാരം ബഹു. ഹൈക്കോടതി സ്റ്റേ ചെയ്യുകയും റിട്ട് ഹർജി തീർപ്പാക്കുന്നത് വരെ, Fee Regulatory Committee നിശ്ചയിച്ച ഫീസ് ഈടാക്കാൻ ഹർജിക്കാർക്ക് വ്യവസ്ഥകൾക്ക് വിധേയമായി അനുമതി നല്കുകയുമുണ്ടായി. മാത്രവുമല്ല WP(C) നമ്പർ 26835/2026 -ൽ 07.08.2026 തീയതിയിൽ പുറപ്പെടുവിച്ച ഇടക്കാല ഉത്തരവ് പ്രകാരം, റിട്ട് ഹർജി തീർപ്പാക്കുന്നത് വരെ, 17.07.26 ലെ സ.ഉ. (സാധാ.)നം.2326/2026-ആ.കു.വ. നമ്പർ സർക്കാർ ഉത്തരവ് നടപ്പാക്കുന്നതും ബഹു ഹൈക്കോടതി സ്റ്റേ ചെയ്യുകയുണ്ടായി.

ബഹു കോടതിയുടെ സ്റ്റേ ഉത്തരവ് വിദ്യാർത്ഥികളുടെ താൽപ്പര്യങ്ങളെ പ്രതികൂലമായി ബാധിക്കുന്നതും നാഷണൽ മെഡിക്കൽ കമ്മീഷൻ പുറപ്പെടുവിച്ച നിയമപരമായ മാർഗ്ഗനിർദ്ദേശങ്ങൾക്ക്

എതിരായതുമായതിനാൽ WP(C) നമ്പർ 21663/2026, WP(C) നമ്പർ 22756/2026, WP(C) നമ്പർ 26835/2026 എന്നിവയിൽ ബഹു ഹൈക്കോടതി പുറപ്പെടുവിച്ച ഇടക്കാല ഉത്തരവുകൾക്കെതിരെ അപ്പീൽ ഫയൽ ചെയ്യുന്നതിനുള്ള നടപടികൾ അഡ്വക്കേറ്റ് ജനറൽ മുഖേന സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ